**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - കോട്ടയം നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി എൽ.എസ് ദീപയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2287/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.08.2018**

---

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.11.2014 തീയതിയിലെE5(SC35/2014/ERK027147/14 നമ്പർ കത്ത്.

2) സർക്കാരിന്റെ 26/06/2015 തീയതിയിലെ ഇയു1/217/12015 തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റപത്രത്തിന് ശ്രീമതി. എൽ.എസ് ദീപ സമർപ്പിച്ച 26/06/2015 തിയതിയിലെ പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ 25/05/2018 തീയതിയിലെ വി1-14747/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം നഗരസഭയിൽ ജീവനക്കാരുടെ അറിവോട്ടുകൂടി പാരിതോഷികങ്ങൾ കൈപ്പറ്റി അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ 24/09/2014 തീയതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അന്നത്തെ നഗരസഭാസെക്രട്ടറിയായ ശ്രീമതി എൽ.എസ്.ദീപയുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ പത്രക നൽകുകയും സൂചന(3) പ്രകാരം ടിയാൾ പ്രതിവാദ പത്രിക ഹാജരാക്കുകയുചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) പ്രകാരം നഗരസഭാ സെക്രട്ടറിയ്ക്ക് തന്റെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതും അപ്രകാരം ഡെലിഗേറ്റ് ചെയ്ത് ചുമതല ലഭിച്ച ഉദ്യോഗസ്ഥനാണ് സെക്ഷൻ 50(3) പ്രകാരം ടി വിഷയത്തിൽ പൂർണ്ണ ഉത്തരവാദിത്വം എന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്പർവൈസറാണ് അറവുശാലകൾക്ക് ലൈസൻസ് നൽകിയിട്ടുള്ളതെന്നും അറവുശാലകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതിനാൽ നഗരസഭയ്ക്ക് ലൈസൻസ് ഫീസിനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നും ലൈസൻസ് പുതുക്കി നൽകാത്തതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഹെൽത്ത് വിഭാഗം ജീവനക്കാർക്കാണെന്നും ശ്രീമതി എൽ . എസ് ദീപ പരാമർശം(3) പ്രകാരം ബോധിപ്പിച്ചിരുന്നു.

കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതും അപ്രകാരം ഡെലിഗേറ്റ് ചെയ്ത് ചുമതല ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ നഗരസഭയുടെ സുഗമവും പരാതിരഹിതവുമായ പ്രവർത്തനത്തിന് ടി ഉദ്യോഗസ്ഥരുടെ പ്രവർത്തനം

വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമായിരുന്നുവെന്നും കോട്ടയം നഗരസഭപോലുള്ള ഒരു വലിയ പട്ടണത്തിൽ അറവുശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ചോ ശോചനീയാവസ്ഥ സംബന്ധിച്ചോ പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ചോ നഗരസഭാ സെക്രട്ടറി എന്ന നിലയിൽ തനിക്ക് യാതൊരു അറിവും ഇല്ലായിരുന്നുവെന്നും ക്രമക്കേടുകളുടെ ഉത്തരവാദിത്വം ചുമതലകൾ ഏല്പിച്ചുകൊടുത്ത ഉദ്യോഗസ്ഥർക്ക് മാത്രമാണെന്നുള്ള നിലപാട് അംഗീകരിക്കാനാവുന്നതല്ല എന്നും പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു. നഗരസഭാ സെക്രട്ടറിയുടെ ചുമതലകൾ ഡെലിഗേറ്റ് ചെയ്തു നൽകുന്നത് സംബന്ധിച്ച കേരള മുനിസിപാലിറ്റി ആക്ടിലെ ചട്ടം 50(2) പ്രകാരം അധികാരം ഡെലിഗേറ്റ് ചെയ്തു കഴിഞ്ഞാൽ ബന്ധപ്പെട്ടവർ ചുമതലകൾ നിർവഹിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച മേൽനോട്ടം ഉചിതമായ പരിശോധനകൾ തുടങ്ങിയവ സെക്രട്ടറിയുടെ ചുമതലയാണ്. ആക്ടിൽ വ്യവസ്ഥചെയ്തിരിക്കുന്ന അധികാരം ഡെലിഗേറ്റ് ചെയ്തുകൊടുക്കുന്നതിന് സർക്കാരിന്റെയോ നഗരസഭയുടെയോ നിർദ്ദേശമില്ലാത്തതിനാൽ ഡെലിഗേഷൻ അസാധുവാണ് . ഇപ്രകാരം അധികാരം ഡെലിഗേറ്റ് ചെയ്തുകൊടുത്തശേഷം നഗരസഭാ സെക്രട്ടറി എന്ന നിലയിൽ നഗരസഭയുടെ സുഗമവും പരാതിരഹിതവുമായ പ്രവർത്തനത്തിന് ടി ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിനുമേൽ മേൽനോട്ടമില്ലായിരുന്നുവെന്നതും കുറ്റകരമാണ് .

സർക്കാർ ഇക്കാര്യം വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് കുറ്റാരോപണ പത്രികയ്ക്ക് ആരോപണ വിധേയ നൽകിയ പ്രതിവാദപത്രിക, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി എൽ.എസ് ദീപ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 50(2) പ്രകാരം ചുമതലകൾ മറ്റ് ഉദ്യോഗസ്ഥർക്ക് ഡെലിഗേറ്റ് ചെയ്തു നൽകിയിരുന്നാലും നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ഡെലിഗേറ്റ് ചെയ്ത വിഷയങ്ങളിന്മേൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനോട്ടം വഹിക്കേണ്ടതുമാണ്. .ഇതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സാഹചര്യത്തിൽ ശ്രീമതി. എൽ.എസ്. ദീപയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി. KCS(CC& A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞു കൊണ്ട്, അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നഗരകാര്യ ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി എൽ.എസ്.ദീപ , മുൻ സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി.
വിജിലൻസ് (ഡി) വകുപ്പ് (vide Note No. Vig-D1/789/2018-Vig. Dated 25/07/2018)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**